CEE/679/2026-B2

കേരളം സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

KSRTC ബസ് ടെർമിനൽ കോംപ്ലക്സ്(ഏഴാം നില) തമ്പാനൂർ

തിരുവനന്തപുരം-695001

വിജ്ഞാപനം

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിലെ സിസ്റ്റം അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നികത്തുന്നതിനായി അപേക്ഷ ക്ഷണിക്കുന്നത് സംബന്ധിച്ച്

തിരുവനന്തപുരം, പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ സിസ്റ്റം അസിസ്റ്റന്റ് തസ്തികയിലേക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നടത്തുന്നതിലേക്കായി അപേക്ഷ ക്ഷണിക്കുന്നു. പ്രവേശന പരീക്ഷാ കമ്മീഷണർ നേരിട്ട് കൂടിക്കാഴ്ച നടത്തിയ ശേഷം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

1. സിസ്റ്റം അസിസ്റ്റന്റ് (ഒഴിവ് - 3)

ശമ്പള സ്കെയിൽ - (43400-91200)

സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകളിൽ/സ്വയംഭരണ സ്ഥാപനങ്ങളിൽ സമാന ശമ്പള സ്കെയിലിൽ ജോലി ചെയ്ത് വരുന്ന ചുവടെ ചേർക്കുന്ന യോഗ്യത ഉള്ളവർക്ക് പ്രസ്തുത തസ്തികയിലേക്ക് അപേക്ഷിക്കാവുന്നതാണ്.

<u>Qualification</u>

BSc /BA /B Com with PG Diploma in Computer Science /Application and experience in software development (preferably in web based application development).

OR

Diploma from Government approved Polytechnics (Computer science / information Technology / Electrical / Electronics) with experience in software development (preferably in web based application development)

താത്പര്യമുള്ള ജീവനക്കാർ കെ.എസ്.ആർ-144 അനുസരിച്ചുള്ള പ്രൊഫോർമയും, ബയോഡേറ്റയും വകുപ്പ് മേധാവിയുടെ കാര്യാലയത്തിൽ നിന്നുള്ള നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റും ഉൾപ്പെടെ ഓഫീസ് മേലധികാരികൾ മുഖേന 2026 ഒക്ടോബർ 28 ന് മുൻപ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം, KSRTC ബസ് ടെർമിനൽ കോംപ്ലക്സ്(ഏഴാം നില), തമ്പാനൂർ തിരുവനന്തപുരം-1 എന്ന വിലാസത്തിൽ നേരിട്ടോ തപാൽ മുഖേനയോ സമർപ്പിക്കേണ്ടതാണ്.

പ്രവേശനപരീക്ഷാ കമ്മീഷണർ

തിരുവനന്തപുരം

12-10-2026

Digitally signed by
Sameer Kishan
Date: 12-10-2026
11:02:23